4.	ആലപ്പുഴ	-	15
5.	കോട്ടയം	-	16
6.	ഇടുക്കി	-	10
7.	എറണാകുളം	-	20
8.	തൃശ്ശൂർ	-	16
9.	പാലക്കാട്	-	19
10.	മലപ്പുറം	-	15
11.	കോഴിക്കോട്	-	16
12.	വയനാട്	-	6
13.	കണ്ണൂർ	-	17
14.	കാസർഗോഡ്	-	8

(ബി) സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പുതിയ ട്രഷറി നിർമ്മാണത്തിനും നവീകരണത്തിനുമായി 300 ലക്ഷം രൂപ 2054-00-096-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 4059-01-051-90 പ്ലാൻ ശീർഷകത്തിൽ 10.25 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 60 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. 2006-07 മുതൽ 2010-11-വരെ ആകെ 205.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

നൂറനാട് സബ്ട്രഷറി നിർമ്മിക്കുന്നതിലെ കാലതാമസം

178 (192) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-ലും 2009-ലും പ്രഖ്യാപിച്ച നൂറനാട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

(ബി) സർക്കാർ തലത്തിൽ തീരുമാനം എടുത്ത് നടപ്പാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(സി) നൂറനാട് സബ് ട്രഷറി നിർമ്മാണം ആരെയാണ് ഏല്പിച്ചിരിക്കുന്നത് ; ഈ കെട്ടിട നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ ;

(ഡി) 'ഇൻകൽ' എന്ന ഏജൻസിയെ സബ് ട്രഷറികളുടെ കെട്ടിടനിർമ്മാണവും നവീകരണവും ഏല്പിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സബ് ട്രഷറിയുടെ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) നൂറനാട് സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ട്രഷറി ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ;

(ജി) 'ഇൻകൽ'വഴി കെട്ടിട നിർമ്മാണം താമസിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പി.ഡബ്ല്യു.ഡി.-യെ ഏല്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലതാമസം ഉണ്ടായിട്ടില്ല.

(ബി) ബാധകമല്ല.

(സി) 'ഇൻകൽ' എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കെട്ടിടങ്ങളുടെ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് തുടങ്ങിയവ തയ്യാറാക്കി ട്രഷറി ഡയറക്ടർ സർക്കാരിലേക്ക് അയയ്ക്കുകയും 31 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി 27-1-2011-ലെ G.O.(RT) No. 613/2011/ധന. പ്രകാരം സർക്കാർ നല്കുകയുണ്ടായി. ഇതിൽ നൂറനാട് സബ്ട്രഷറി ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) ട്രഷറികളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിൽ ട്രഷറികളിലെ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതകളെക്കുറിച്ച് ധാരാളം പരാതികളും നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടു. തുടർന്നുനടന്ന സോഷ്യൽ ഓഡിറ്റ് ജൂറി ചെയർമാൻമാരുടെ യോഗം നാല് സുപ്രധാന ശുപാർശകൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശമായിരുന്നു ട്രഷറികളിലെ അടിസ്ഥാനസൗകര്യ വികസനം. ഇതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസനം (TIDP) എന്നപേരിൽ ഒരു പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു. 103 പുതിയ ട്രഷറി കെട്ടിടങ്ങളും, 114 നിലവിലുള്ള ട്രഷറി കെട്ടിടങ്ങളുടെ പരിഷ്ക്കരണവും ട്രഷറി പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും നൽകുന്നതിനായി പ്രവർത്തന പരിചയവും മാനേജ്മെന്റ് വൈദഗ്ദ്ധ്യവുമുള്ള ഒരു സ്ഥാപനം ആവശ്യമാണ്. സമയബന്ധിതമായും ഗുണനിലവാരം നിലനിർത്തിയും ട്രഷറികളുടെ പ്രത്യേക സാങ്കേതിക പ്രശ്നങ്ങൾ ഉറപ്പുവരുത്തിയും ഈ പദ്ധതി പൂർത്തീകരിക്കുന്നതിനു അടിസ്ഥാന സൗകര്യ വികസന മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള സ്ഥാപനമെന്ന നിലയിലാണ് ഇൻഫ്രാസ്ട്രക്ച്ചേർസ് കേരളാ ലിമിറ്റഡ് (INKEL)-നെ ഇത് ഏൽപ്പിച്ചിട്ടുള്ളത്. സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ PWD ഇതര ഏജൻസികളെക്കൊണ്ട് നിർവ്വഹിക്കുന്നത് നേരത്തേതന്നെ തുടർന്നുവരുന്ന സംവിധാനമാണ്. ഇതിലേക്കായി 14-12-2009-ലെ G.O. (Ms)No. 558/2009/ധന. പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സമയബന്ധിതമായി പണിപൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ചെയ്തുവരുന്നു.

(എഫ്) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP) നടപ്പിലാക്കുന്നതിനായി ട്രഷറി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു പ്രോജക്ട് ടെക്നിക്കൽ കമ്മിറ്റി ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്.

(ജി) സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

മണലൂർ സബ് ട്രഷറിക്കു കെട്ടിടം പണിതു നൽകുന്നതിനായുള്ള അനുമതി

179 (193) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ മണലൂർ സബ് ട്രഷറിക്കു കെട്ടിടം പണിതു നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

(സി) കെട്ടിട നിർമ്മാണത്തിന് അനുമതി നല്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അടിയന്തരമായി അനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

(ഡി) നിലവിലുള്ള കെട്ടിടത്തിൽ സ്ട്രോംഗ് റൂം ഒന്നാം നിലയിൽത്തന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരായാൻ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും അവരുടെ വിദഗ്ദ്ധ ഉപദേശം ചീഫ് എഞ്ചിനീയർ PWD (ബിൽഡിംഗ്സ്) പരിശോധിച്ച് നൽകിയ റിപ്പോർട്ട് ട്രഷറി ഡയറക്ടർ 28-1-2011-ന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

പാവറട്ടി കേന്ദ്രമാക്കി സബ് ട്രഷറി

180 (194) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പാവറട്ടിയിൽ സബ് ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly